**ALL INDIA VEERASAIVA MAHASABHA** (Reg.No: 96/76-77)

## വീരശൈവ വിവാഹ ബ്യൂറോ അംഗങ്ങൾക്കുള്ള പൊതു നിർദേശങ്ങൾ

1. ഓൾ ഇന്ത്യ വീരശൈവ മഹാസഭ(Reg. No. 96 / 76-77) യുടെ പ്രാഥമിക അംഗത്വം ഉള്ള 18 വയസ്സ് തികഞ്ഞ പെൺകുട്ടികൾക്കും, 21 വയസ്സ് തികഞ്ഞ ആൺകുട്ടികൾക്കും, അവരുടെ രക്ഷാകർത്താക്കൾക്കും അംഗത്വം എടുക്കാവുന്നതാണ്.

2. വിവാഹ പ്രൊഫൈൽ, പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതിനായി ആദ്യം സ്വന്തമായോ, അല്ലെങ്കിൽ രക്ഷാകർത്താവോ പോർട്ടലിൽ ഒരു യൂസർ അക്കൗണ്ട് എടുക്കേണ്ടതാണ്. ഈ അക്കൗണ്ട് തികച്ചും സൗജന്യമാണ്.

3. വീരശൈവ വിവാഹ ബ്യൂറോയുടെ ഔദ്യോഗിക വെബ് പോർട്ടൽ ആയ **www.veerasaivavivaham.com** വഴിയോ, ബ്യൂറോ നൽകുന്ന ഫോം പൂരിപ്പിച്ചു നൽകിയോ അംഗത്വം എടുക്കാവുന്നതാണ്.

4. അംഗത്വ ഫീ അടക്കുന്ന ദിവസം മുതൽ ഒരു വർഷത്തേക്കാണ് അംഗത്വ കാലാവധി. ഒരു വർഷത്തിന് ശേഷം അംഗത്വം നിശ്ചിത ഫീ നൽകി പുതുക്കാവുന്നതാണ്.

5. പ്രാഥമിക വിവരങ്ങൾ വെബ് പോർട്ടലിലൂടെയോ നിശ്ചിത ഫോം വഴിയോ നൽകി കഴിയുമ്പോൾ വിവാഹ ബ്യൂറോയുടെ പി.ആർ.ഓ വെരിഫിക്കേഷൻ നടത്തുന്നതാണ്. വെരിഫിക്കേഷൻ വിജയകരമായി പൂർത്തിയാക്കിയെങ്കിൽ മാത്രമേ അംഗത്വ ഫീ പ്രൊഫൈൽ ഒന്നിന് Rs. 500/- എന്ന നിരക്കിൽ നൽകേണ്ടതുള്ളൂ.

6. ഒരു യൂസർക്ക് ഒരു സമയം രണ്ടു പ്രൊഫൈലുകൾ മാത്രമേ പോർട്ടലിൽ പ്രസിദ്ധപ്പെടുത്താൻ സാധിക്കൂ.

7. തങ്ങൾക്ക് ലഭിക്കുന്ന യൂസർ നെയിം, പാസ്സ്‌വേർഡ് എന്നിവ ഉപയോഗിച്ച് പോർട്ടലിൽക്കൂടി അനുയോജ്യമായ പ്രൊഫൈലുകൾ തിരയാവുന്നതാണ്.

8. സുരക്ഷാ കാരണങ്ങളാൽ, നിങ്ങൾക്ക് ലഭിക്കുന്ന സെർച്ച് റിസൾട്ടിൽ അഡ്രസ്സ്, കോൺടാക്ട് നമ്പർ എന്നിവ നേരിട്ട് നൽകുന്നതല്ല. പകരം നിങ്ങൾക്ക് താല്പര്യമെങ്കിൽ വെബ് പോർട്ടലിലൂടെ തന്നെ നിങ്ങളുടെ താല്പര്യം അവരെ അറിയിക്കാവുന്നതാണ്.

9. അതിനു ശേഷം നിങ്ങളുടെ നിങ്ങളുടെ കോൺടാക്ട് നമ്പർ, അഡ്രസ്, മറ്റ് പ്രൊഫൈൽ വിവരങ്ങൾ എന്നിവ അവർക്ക് ലഭ്യമാവുകയും, താല്പര്യമുള്ള പക്ഷം അവർ നിങ്ങളെ സമീപിക്കുകയും ചെയ്യുന്നതാണ്.

10. പോർട്ടലിൽ വരുന്ന വിവരങ്ങളിൽ പ്രാഥമിക വിവരങ്ങൾ മാത്രമേ വിവാഹ ബ്യൂറോ അധികൃതർ വെരിഫിക്കേഷൻ നടത്തിയിട്ടുള്ളൂ. വിവാഹ സംബന്ധമായ മറ്റ് അന്വേഷണങ്ങൾ നിങ്ങളുടെ തന്നെ പരിപൂർണ ഉത്തരവാദിത്വത്തിൽ നടത്തേണ്ടതാണ്. വിവാഹത്തിന് മുൻപോ പിൻപോ ഉണ്ടാകുന്ന പ്രശ്നങ്ങളിൽ യാതൊരു കാരണവശാലും വിവാഹ ബ്യൂറോക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

11. വാർഷിക അംഗത്വ ഫീസിന് പുറമെ മറ്റൊരു തരത്തിലുള്ള ചാർജുകളോ കമ്മീഷനോ ഇവിടെ ഈടാക്കുന്നതല്ല. താല്പര്യമുള്ള പക്ഷം വെബ് സൈറ്റിൽ സൂചിപ്പിക്കുന്ന ഔദ്യോഗിക ബാങ്ക് അക്കൗണ്ടിലേക്ക് നിങ്ങൾക്ക് ഇഷ്ടമുള്ള തുക സംഭാവന നൽകാവുന്നതാണ്.

12. ഏതെങ്കിലും അംഗത്തിന്റെ തെറ്റായ ഇടപെടലുകളോ പെരുമാറ്റങ്ങളോ ശ്രദ്ധയിൽപെട്ടാൽ യാതൊരു മുന്നറിയിപ്പും കൂടാതെ അംഗത്വം റദ്ദാക്കുന്നതാണ്. റദ്ദാക്കപ്പെടുന്ന അംഗത്തിന്റെ അംഗത്വ ഫീ ഒരു കാരണവശാലും തിരികെ നൽകുന്നതല്ല.